**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **22-02-2022 - ൽ മറുപടിയ്ക്ക്**

**മവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹുനില കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കായി 102.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പൈലിംഗ് വർക്ക് പുരോഗമിക്കുന്നു. ആശുപത്രി ഭിന്നശേഷി -വയോജന സൗഹൃദമാക്കുന്നതിനും ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2021 -22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 50 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച നേത്രരോഗ ഓപ്പറേഷൻ തീയേറ്ററിന്റെ എയർഫാൻറിലിംഗ് യൂണിറ്റ് വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടി നടന്നു വരുന്നു. കൂടാതെ 14 ലക്ഷം രൂപ മുടക്കി 80 ഓക്സിജൻ കിടക്കകൾ സ്ഥാപിച്ചിട്ടുണ്ട്. ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആശുപത്രിയിൽ 50 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന രണ്ടാം ഘട്ട ഡയാലിസിസ് യൂണിറ്റിന് വേണ്ടിയുള്ള സിവിൽ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയായി RO പ്ലാന്റ് വർക്ക് പുരോഗമിക്കുന്നു. കൂടാതെ 20 ലക്ഷം രൂപ ചെലവിൽ ലാബ് ഹോർമോൺ അനലൈസർ തയ്യാറാക്കിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് പ്രവർത്തനത്തിന് ലൈസൻസ് ലഭ്യമായിട്ടുണ്ട്.ആയതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.കൂടാതെ 11 ലക്ഷം രൂപയ്ക്ക് ഫാർമസി നവീകരണം പൂർത്തിയായി. |
| (ബി) | പ്രസ്തുത ജില്ലാ ആശുപത്രിയിൽ ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ജനറൽ, സ്പെഷ്യാലിറ്റി ഒ.പികളും, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഓഫ്ത്താൽമോളജി, സൈക്യാട്രി, ദന്തൽ വിഭാഗങ്ങൾ വഴിയുള്ള സേവനങ്ങൾ ഈ ആശുപത്രിയിൽ നിന്ന് ലഭിക്കുന്നു. കൂടാതെ ത്വക്ക് രോഗ വിഭാഗം, നെഫ്രോ വിഭാഗം എന്നിവയും പ്രവർത്തിക്കുന്നു.കൂടാതെ ജില്ലാ കാൻസർ കെയർ യൂണിറ്റും ജില്ലാ ഹീമോഫിലിയ |

| | | | |
|---|---|---|---|
| | | | ഡേ കെയർ സെന്ററും ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു.എൻ.സി.ഡി ക്ലിനിക്ക്, എക്സ്റേ, ഡയാലിസിസ് യൂണിറ്റുകൾ, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് പി.പി. യൂണിറ്റ് എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലാബ്, ഫാർമസി, ആംബുലൻസ് സേവനം, ലേബർ റൂം ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, കോവിഡ് ട്രിയേജ് എന്നീ സേവനങ്ങളും വിമുക്തി സേവനവും (ഡി അഡിക്ഷൻ സെന്റർ) ടി ആശുപത്രിയിൽ ലഭ്യമാണ്. |
| (സി) | പ്രസ്തുത ജില്ലാ ആശുപത്രിയിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് പരിഗണിക്കുമോ; | (സി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഡി) | ഇവിടെ അത്യാധുനിക സൗകര്യങ്ങളോടെ സജ്ജീകരിച്ച ഐ.സി.യു-ന്റെ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 15 കിടക്കകളോടു കൂടിയ ഐ.സി.യു ആണ് നിലവിൽ പൂർത്തീകരിച്ചിരിക്കുന്നത്.ഒരു ഷിഫ്റ്റിന് കുറഞ്ഞത് 5 നഴ്സിംഗ് ഓഫീസർ വീതം ആവശ്യമായതിനാൽ അധികമായി ആവശ്യമുള്ള നഴ്സിംഗ് ഓഫീസർമാരെ താൽക്കാലികമായി നിയമിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഐ.സി.യുന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ